DESPATCHED
On...3/6/22...

(51)

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 2314(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **11372**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ജോജിൻ ജെ.,
കാട്ടുവട്ടി വീട്,
ഇരുമ്പിൽ, അരുവിപ്പുറം പി.ഒ,
നെയ്യാറ്റിൻകര, തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ
ലിമിറ്റഡ്, മാവേലി റോഡ്, ഗാന്ധി നഗർ,
കൊച്ചി, പിൻ - 682 020.

2. അപ്പീൽ അധികാരി&
കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ
ലിമിറ്റഡ്, മാവേലി റോഡ്, ഗാന്ധി നഗർ,
കൊച്ചി, പിൻ - 682 020.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.06.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29.08.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 09.10.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 11. 10.2018 |
| ഹിയറിംഗ് നടന്ന തീയതി | 18.05.2022, ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായില്ല. |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 12.06.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, സപ്ലൈ കോയിലെ ഡെപ്യൂട്ടി മാനേജർമാരുമായി ബന്ധപ്പെട്ട വിവരങ്ങളാണ്.

3. രണ്ടാം എതിർകക്ഷി 09.05.2022ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് 08.08.2018ന് മറുപടി അയച്ചു നൽകിയിരുന്നുവെന്നും എന്നാൽ മറുപടി ലഭ്യമായില്ലെന്ന് ആരോപിച്ച് ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ സമർപ്പിക്കുകയും പ്രസ്തുത അപ്പീൽ വിശദമായി പരിശോധിച്ചതിൽ എസ്.പി.ഐ.ഒ. ഹർജിക്കാരന് മറുപടി നൽകിയതായി ബോധ്യപ്പെട്ടുകൊണ്ട് അപ്പീൽ ഹർജി തീർപ്പാക്കിയെന്നുമാണ്. എസ്.പി.ഐ.ഒ. നൽകിയ മറുപടിയുടെ പകർപ്പ് ഒരിക്കൽ കൂടി ഹർജിക്കാരന് ലഭ്യമാക്കുകയും ഹർജിക്കാരന് മറുപടി ലഭ്യമായില്ലെന്ന് കാണിച്ച് കമ്മീഷനു രണ്ടാം അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഹീയറിംഗിനു ക്ഷണിച്ചിട്ടുണ്ടെന്നുമാണ്.

ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും ടിയാന്റെ അപ്പീൽ ഹർജിക്കും മറുപടി ലഭ്യമാക്കിയിട്ടുള്ളതാണെന്നും ടിയാന് മറുപടി ലഭിച്ചില്ലെന്ന ഹർജിക്കാരന്റെ ആരോപണം അടിസ്ഥാനരഹിതമാണെന്നും ടി വിവരങ്ങളും സൂചനയിലെ പകർപ്പുകളും കമ്മീഷന്റെ അറിവിനും തുടർ നടപടികൾക്കുമായി സമർപ്പിക്കുന്നുവെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന്റെ 12.06.2018ലെ അപേക്ഷയ്ക്ക് 08.08.2018ലാണ് മറുപടി നൽകിയതായി കാണുന്നത്. ടി വീഴ്ച വിവരാവകാശ നിയമത്തിലെ 7(1)ന്റെ ലംഘനവും 20(1) പ്രകാരം ശിക്ഷാർഹവുമായതിനാൽ പരാമർശിത കാലയളവിലെ ഒന്നാം

എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ പ്രസ്തുത വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മേയ് 30-ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

21/12/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

**A.P.2314(2)/2018/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.11372/SIC-G6/2018**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. ജോജിൻ ജെ.,<br>കാട്ടുവട്ടി വീട്,<br>ഇരുമ്പിൽ, അരുവിപ്പുറം പി.ഒ.,<br>നെയ്യാറ്റിൻകര, തിരുവനന്തപുരം | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ<br>ലിമിറ്റഡ്, മാവേലി റോഡ്, ഗാന്ധി നഗർ,<br>കൊച്ചി-682 020<br><br>2. അപ്പീൽ അധികാരി,<br>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ,<br>ലിമിറ്റഡ്, മാവേലി റോഡ്, ഗാന്ധി നഗർ,<br>കൊച്ചി-682 020 | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ കമ്മീഷന്റെ 2022 മെയ് മാസം 30-ാം തീയതിയിലെ ഉത്തരവു പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ഷെൽജി ജോർജ് നൽകിയ വിശദീകരണം തൃപ്തികരമല്ല. ഹർജിക്കാരന്റെ 12.06.2018 ലെ അപേക്ഷയ്ക്ക് 08.08.2018 ലാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിരിക്കുന്നത്. 7(1) വകുപ്പ് പ്രകാരം സമയബന്ധിതമായി അപേക്ഷകന് മറുപടി ലഭ്യമാക്കിയിട്ടില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. അതിനാൽ ടിയാളെ ശിക്ഷിക്കുവാനും, ശിക്ഷ യായി 6,750/- രൂപ (ആറായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) പിഴയിനത്തിൽ ഷെൽജി ജോർജ് -ൽ നിന്നും ഈടാക്കുവാനും കമ്മീഷൻ ഉത്തരവാകുന്നു.

(മറുപുറം)

RIGHT TO INFORMATION

ast

ഈ ഉത്തരവ് കിട്ടി 30 ദിവസത്തിനകം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന ഷെൽജി ജോർജ് 6,750/- രൂപ (ആറായിരത്തി എഴുന്നൂറ്റി അൻപത് രൂപ മാത്രം) "0070-60-118-99 Receipts Under the Right to Information Act, 2005" എന്ന ശീർഷകത്തിൽ പിഴ സംഖ്യ ഒടുക്കേണ്ടതും, വിവരം ചലാന്റെ അസൽ സഹിതം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടിയാളുടെ സ്ഥാവരജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് ടി സംഖ്യ ഈടാക്കുന്നതാണ്. ഈ ഉത്തരവ് ഇന്നേ ദിവസം **2023 ജനുവരി മാസം** 31 –ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

dp